പ്രതികരണം

# ‘സീസറിനുള്ളത് സീസറിന്, ദൈവത്തിനുള്ളത് ദൈവത്തിന്’

ഡോ. രാജു തോമസ്

**സീസറിന് ഫലസ്ത്വീനിൽ ഉള്ളത് സീസറിന്റെ മുദ്രയുള്ള നാണയം മാത്രമായിരുന്നു. ആ പണം സീസറിന് കൊടുക്കാനും, ജനമായ യഹൂദരും ഫലസ്ത്വീനും ദൈവത്തിനു മാത്രം അവകാശപ്പെട്ടതായതിനാൽ സീസർ തന്റെ മുദ്രയുള്ള പണം കൈപ്പറ്റിയ ശേഷം ഫലസ്ത്വീനെയും അതിലെ നിവാസികളെയും ദൈവത്തെ ഏൽപിച്ചശേഷം സീസർ പണവുമായി ഫലസ്ത്വീൻ വിടാനുമാണ് യേശു ഉദ്ദേശിച്ചത്. അതിനു വേണ്ടി യേശു ക്രിസ്തു പ്രയോഗിച്ച ആത്മീയവും എന്നാൽ രാഷ്ട്രീയവുമായ നയമാണ് ഈ ഉദ്ധരണിയിലടങ്ങിയിരിക്കുന്നത്.**

2009 മാർച്ച് 19-ന് *മാധ്യമ*ത്തിൽ ‘ലത്തീൻ കത്തോലിക്കാ സഭയുടെ സ്ഥാനാർഥി ലിസ്റ്റ് വിവാദത്തിലേക്ക്’ എന്ന തലക്കെട്ടിൽ വന്ന വാർത്തയിൽ ‘സീസറിനുള്ളത് സീസറിന് ദൈവത്തിനുള്ളത് ദൈവത്തിന്’ എന്ന പരാമർശം കാണുകയുണ്ടായി. കേരള സമൂഹത്തിലും, മുഴു ഇന്ത്യയിലും വളരെ തെറ്റായ രീതിയിൽ പ്രചരിപ്പിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്ന ഈ ഉദ്ധരണി ക്രിസ്തുവിന്റേതാണ്. കേരള രാഷ്ട്രീയത്തിൽ ഈ ഉദ്ധരണി ആദ്യം പ്രയോഗിച്ചത് ഇ.എം.എസ് നമ്പൂതിരിപ്പാടായിരുന്നു. ‘കമ്യൂണലിസം’ എന്ന ഇംഗ്ലീഷ് വാക്കിന് ‘വർഗീയത’ എന്ന അർഥം നൽകിയതും ഇതേ ഇ.എം.എസ് ആയിരുന്നു. ക്രിസ്തുവിന്റെ മേൽസൂചിപ്പിച്ച ഉദ്ധരണി ഉരുവിടുന്നവർ ലക്ഷ്യമാക്കുന്നത്, മതവിശ്വാസം വേറെ രാഷ്ട്രീയവും രാഷ്ട്രീയപ്രവർത്തനവും വേറെ എന്നാണ്. ഇതു രണ്ടും കൂട്ടിക്കുഴക്കാൻ പാടില്ല എന്നാണ് അവരുടെ നിലപാട്. അതു സമർഥിക്കാൻ അവർ ആവർത്തിച്ചു ദൈവത്തെയും  സീസറിനെയും വലിച്ചിഴക്കാറുണ്ട്.

ഇന്ത്യയിൽ മാത്രമല്ല, ലോക തലത്തിലും കത്തോലിക്കാ സഭ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ഇന്ത്യയിലും ലോകത്തുതന്നെയും ലത്തീൻ വിഭാഗക്കാരാണ് കൂടുതൽ. കേരളത്തിൽ മാത്രമാണ് സുറിയാനി കത്തോലിക്കരും സുറിയാനി മാർത്തോമക്കാരും സുറിയാനി സി.എസ്.ഐക്കാരും സുറിയാനി ഓർത്തഡോക്സുകാരും സുറിയാനി യാക്കോബായക്കാരും ഉള്ളത്. എന്നാൽ ഇവരിൽ ഒന്നിലും പെടാത്ത കാനായ കത്തോലിക്കർ വേറെയുമുണ്ട്. ഇതേ കാനായക്കാർ യാക്കോബായ സഭയിലും ഉണ്ട്. കാനായക്കാർ ഫലസ്ത്വീനിൽനിന്ന് കേരളത്തിൽ എ.ഡി 345-ൽ കുടിയേറിയവരാണ്. ഇതിനു പുറമെയാണ് ദലിത് കത്തോലിക്കരും ഈഴവ കത്തോലിക്കരും നാടാർ കത്തോലിക്കരും ആദിവാസി കത്തോലിക്കരും. മാത്രമല്ല, കേരളത്തിലെയും ഇന്ത്യയിലെയും എല്ലാ പ്രൊട്ടസ്റ്റന്റ് സഭകളിലും ദലിതരും ഒ.ബി.സികളും ആദിവാസികളും വേറെയുമു

ണ്ട്. രക്ഷാസൈന്യത്തിലും ആംഗ്ലിക്കൻ (സി.എം.എസ്) സഭയിലും മുഴുവൻ അംഗങ്ങളും ദലിതരാണ്. ഇവരെല്ലാവരും യേശുവിന്റെ പരാമർശിത ഉദ്ധരണി മനസ്സിലാക്കുന്നത് വ്യത്യസ്തരീതിയിലാണെന്ന് മാത്രമല്ല, ഈ കുറിപ്പുകാരന്റെ അനുഭവത്തിലും അറിവിലും അന്വേഷണത്തിലും ഇന്ത്യയിലെ ഒരൊറ്റ ക്രൈസ്തവ ദൈവശാസ്ത്രജ്ഞനും യേശുവിന്റെ വാക്കുകളെ ശരിയായ രീതിയിൽ കുഞ്ഞാടുകൾക്ക് പറഞ്ഞുകൊടുക്കുന്നുമില്ല എന്നാണ്. അവരെല്ലാവരും ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ പല്ലവി ഏറ്റുപാടുകയും ചെയ്യുന്നു.

എല്ലാവരും അർഥമാക്കുന്നതും പ്രചരിപ്പിക്കുന്നതും 'മതം വേറെ, രാഷ്ട്രീയം വേറെ' എന്നു തന്നെയാണ്. എല്ലാവർക്കും മതവും മതവിശ്വാസവും വ്യക്തിപരമാണ്, സ്വകാര്യമാണ്. അതിന് രാഷ്ട്രീയവുമായി യാതൊരു ബന്ധവുമില്ല. ഈ വാദഗതിയെ ന്യായീകരിക്കാനാണ്, 'സീസറിനുള്ളത് സീസറിന്, ദൈവത്തിനുള്ളത് ദൈവത്തിന്' എന്ന യേശുക്രിസ്തുവിന്റെ ഉദ്ധരണി തട്ടിവിടുന്നത്.

സീസറിന് കരം (ചുങ്കം) നൽകുന്നത് ഉചിതമോ എന്ന യഹൂദ പുരോഹിതരുടെ ചോദ്യം അഭിമുഖീകരിച്ച ക്രിസ്തു യഥാർഥത്തിൽ ഒരു കെണിയിൽ അകപ്പെട്ടു എന്ന് തിരിച്ചറിഞ്ഞു. ഫലസ്തീന്റെ ഭരണാധികാരം വിദേശികളായ റോമക്കാരുടെ കൈകളിലായിരുന്നു. വിദേശ ഭരണകൂടത്തിന് കരം കൊടുക്കുന്നത് ഉചിതമെന്ന് ക്രിസ്തു പറഞ്ഞാൽ യഹൂദ പുരോഹിത വർഗം യേശുവിന്റെ മേൽ കുറ്റം ചുമത്താൻ തക്കംപാർത്ത് ഇരിക്കുകയായിരുന്നു. കരം കൊടുക്കരുതെന്ന് പറഞ്ഞാൽ റോമൻ ഭരണകൂടം ക്രിസ്തുവിന്റെ മേൽ നിയമലംഘനത്തിന് കുറ്റം ചുമത്തുമായിരുന്നു. രണ്ടു കൂട്ടരുടെയും മുമ്പിൽ കുറ്റവാളിയാകാതിരിക്കാൻ യേശു യഹൂദ പുരോഹിതരോട് ഫലസ്തീനിൽ നിലവിലിരുന്ന ഒരു നാണയം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. നാണയത്തിൽ ആരുടെ മുദ്രയാണെന്ന യേശുവിന്റെ ചോദ്യത്തിന് 'സീസറിന്റെ മുദ്ര' എന്ന് ഉത്തരം പറഞ്ഞു. സീസറിന്റെ മുദ്രയുള്ള നാണയം സീസറിന്റേതാണല്ലോ. അത് സീസറിനുള്ളതുമാണ്. എന്നാൽ ദൈവത്തിനുള്ളത് എന്തായിരുന്നു?

ഈ ചോദ്യം വളരെ ഗൗരവം അർഹിക്കുന്നുണ്ട്. യഹൂദ ജനതയുടെ വിശ്വാസമനുസരിച്ച് അവർ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനതയും ഫലസ്തീൻ ഭൂപ്രദേശം വാഗ്ദത്തം വഴി യഹൂദർക്ക് ദൈവം നൽകിയ രാജ്യവുമാണ്. ആ രാജ്യത്തിന്റെ മേൽ വിദേശ ചക്രവർത്തി സീസറിന് യാതൊരു അധികാരവുമില്ല. സീസറിന് ഫലസ്തീനിൽ ഉള്ളത് സീസറിന്റെ മുദ്രയുള്ള നാണയം മാത്രമായിരുന്നു. ആ പണം സീസറിന് കൊടുക്കാനും, ജനമായ യഹൂദരും ഫലസ്തീനും ദൈവത്തിനു മാത്രം അവകാശപ്പെട്ടതായതിനാൽ സീസർ തന്റെ മുദ്രയുള്ള പണം കൈപ്പറ്റിയ ശേഷം ഫലസ്തീനെയും അതിലെ നിവാസികളെയും ദൈവത്തെ ഏൽപിച്ചശേഷം സീസർ പണവുമായി ഫലസ്തീൻ വിടാനുമാണ് യേശു ഉദ്ദേശിച്ചത്. അതിനുവേണ്ടി യേശു ക്രിസ്തു പ്രയോഗിച്ച ആത്മീയവും എന്നാൽ രാഷ്ട്രീയവുമായ നയമാണ് ഈ ഉദ്ധരണിയിലടങ്ങിയിരിക്കുന്നത്. കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ പറഞ്ഞാൽ ക്രിസ്തുവിന്റെ, 'സീസറിനുള്ളത് സീസറിന്, ദൈവത്തിനുള്ളത് ദൈവത്തിന്' എന്ന ഉദ്ധരണിയിലൂടെ ക്രിസ്തു നൽകിയ സന്ദേശം ഇതാണ്: ഫലസ്തീൻ അടക്കിഭരിച്ചിരുന്ന വൈദേശിക റോമൻ ഭരണാധികാരി സീസറിന് ഫലസ്തീനിൽ സ്വന്തമായുണ്ടായിരുന്നത് അദ്ദേഹത്തിന്റെ മുദ്രയുള്ള നാണയം മാത്രമാണ്. ആ നാണയവുമായി സീസർ ഫലസ്തീന് പുറത്തുപോകണം. ഫലസ്തീനും അതിലെ ജനങ്ങളും ദൈവത്തിന്റേതാണ്. അതുകൊണ്ട് അവരെ ദൈവത്തിന് നൽകണം. എന്നു പറഞ്ഞാൽ, ഫലസ്തീന്റെ പൂർണ സ്വാതന്ത്ര്യമായിരുന്നു ക്രിസ്തു ആഗ്രഹിച്ചതും പ്രഖ്യാപിച്ചതും. ഇത് ക്രിസ്തുവിന്റെ വ്യക്തമായ സ്വയം നിർണയാവകാശ രാഷ്ട്രീയ പ്രഖ്യാപന നിലപാടായിരുന്നു. ക്രിസ്തുവിന് മുമ്പ് 'സ്പാർട്ടക്കസ് കലാപം' എന്ന പേരിൽ ജോഷ എന്ന പോരാളി റോമൻ ഭരണകൂടത്തിനെതിരെ നടത്തിയ പ്രക്ഷോഭത്തിന്റെ ലക്ഷ്യവും വേറൊന്നായിരുന്നില്ല. തൽഫലമായി ജോഷയോടൊപ്പം ആറായിരം അടിമകളായ കലാപകാരികളെയായിരുന്നു റോമൻ ഭരണകൂടം റോം മുതൽ കാപ്രി വരെയുള്ള തെരുവിന്റെ ഇരുവശങ്ങളിലും തൂക്കിക്കൊന്നത്. വസ്തുതകൾ വസ്തുതകളായി മനസ്സിലാക്കാൻ ശ്രമിക്കാതെ അവയെ 'ആത്മീയവത്കരിച്ച്' വിശ്വാസികളെ വഴിതെറ്റിക്കുന്ന വ്യാഖ്യാനങ്ങളാണ് ഇന്ന് ക്രൈസ്തവ ദൈവശാസ്ത്രജ്ഞർ നടത്തിക്കൊണ്ടിരിക്കുന്നത്.

റോമൻ ഭരണാധികാരിയായിരുന്ന സീസറിന്റെ സ്തുതിപാഠകരായിരുന്ന യഹൂദർക്ക് എതിരെ ക്രിസ്തു സ്വീകരിച്ച ശക്തമായ നിലപാടെന്തായിരുന്നു? ഇത് സത്യസന്ധമായി പറയാൻ തയാറാകാതെ സഭാ നേതൃത്വം രക്ഷപ്പെടാൻ ഉപയോഗിക്കുന്ന ഉദ്ധരണിയാണ് 'സീസറിനുള്ളത് സീസറിന്, ദൈവത്തിനുള്ളത് ദൈവത്തിന്' എന്ന ബൈബിൾ വാക്യം. രാഷ്ട്രീയത്തിൽ നീതിയുക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ആർജവവും ബൗദ്ധികമായ സത്യസന്ധതയും കൈമുതലായുള്ള ഒരു നേതൃത്വത്തിന് ഒരിക്കലും ക്രിസ്തു സ്വീകരിച്ച പാത തള്ളിക്കളയാനാവില്ല. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവ സഭാ നേതൃത്വം, ചരിത്രത്തിൽ ജനിച്ച് ജീവിച്ച് പോരാടിയ ക്രിസ്തുവിനെയല്ല പ്രസംഗിക്കുന്നത്. റോമൻ ഭരണാധികാരിയായിരുന്ന സീസറിനും യഹൂദ പുരോഹിതാധിപത്യത്തിനും എതിരെ ശക്തമായ നിലപാടെടുത്ത ചരിത്രത്തിലെ ക്രിസ്തുവിനെ ക്രിസ്തീയ നേതൃത്വം തള്ളിക്കളയുകയും 'പാപമോചനം' നൽകുന്ന ഒരു ക്രിസ്തുവിനെ അവതരിപ്പിക്കുകയുമാണ് ചെയ്യുന്നത്.

ഇച്ഛാശക്തിയുള്ള ക്രൈസ്തവ നേതൃത്വമാണ് ഇന്ന് ഇന്ത്യക്കാവശ്യം. ക്രിസ്തുവിനെ മാതൃകയാക്കുന്ന ഒരാൾ നടത്തുന്ന പ്രസ്താവനകളായി സി.ബി.സി.ഐ സെക്രട്ടറി ജനറൽ ആർച്ച് ബിഷപ്പ് സ്നാനിസ്ലോസ് ഫെർണാണ്ടസ് പുറപ്പെടുവിച്ച പ്രസ്താവനയെ കാണാൻ കഴിയില്ല. 'നമുക്ക് എന്തുമാത്രം വിയോജിപ്പുണ്ടെങ്കിലും ഒരാളെപ്പോലും തഴയാനോ എഴുതിത്തള്ളാനോ അനുവദിക്കരുത്' എന്നാണ് അദ്ദേഹം പറഞ്ഞത്. തിന്മയെ വെറുക്കാനും നന്മയെ സ്നേഹിക്കാനും ആഹ്വാനം ചെയ്യുന്ന ബൈബിളിൽ വിശ്വസിക്കുന്ന, തിന്മക്കെതിരെ, മർദനത്തിനെതിരെ, അനീതിക്കെതിരെ, വിവേചനത്തിനെതിരെ, അടിമത്തത്തിനെതിരെ ശക്തമായ നിലപാട് എടുത്തിരുന്ന ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഒരു നിഷ്പക്ഷ നിലപാട് സ്വീകരിക്കാനാവില്ല. 'നിഷ്പക്ഷം' എന്നൊരു പക്ഷമില്ലല്ലോ. ഒന്നുകിൽ നന്മയുടെ പക്ഷം ചേരുക. അല്ലെങ്കിൽ തിന്മയുടെ പക്ഷം പിടിക്കുക. കേരളത്തിലെ ക്രൈസ്തവ നേതൃത്വം ഏതു പക്ഷത്താണ്? സീസറിനൊപ്പമാണോ അതോ ദൈവത്തോടൊപ്പമാണോ?

മതവിശ്വാസത്തെയും ദൈവവിശ്വാസത്തെയും സ്വകാര്യമായും വ്യക്തിപര

മായും കാണണമെന്ന് പറയുന്നവർക്ക് യഥാർഥത്തിൽ യഥാർഥ മതമെന്താണെന്നും രാഷ്ട്രീയ പ്രവർത്തനമെന്താണെന്നും അറിയില്ല. രാഷ്ട്രീയ കാര്യങ്ങളിൽ നിലപാടുകൾ എടുക്കുമ്പോൾ ഒരു വ്യക്തിയുടെ വിശ്വാസം സ്വാധീനിക്കുന്നില്ലേ? ഒരു വ്യക്തി ഉയർത്തിപ്പിടിക്കുന്ന ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് യഥാർഥത്തിൽ അയാളുടെ എല്ലാ പ്രവൃത്തികളെയും അയാൾ എടുക്കുന്ന നിലപാടുകളെയും പ്രഖ്യാപനങ്ങളെയും സ്വാധീനിക്കുന്നില്ലേ? 'എല്ലാ മതങ്ങളും ഒന്നാണെന്ന്' കരുതുന്നവർക്കു മാത്രമേ മതവിശ്വാസം വേറെ രാഷ്ട്രീയ പ്രവർത്തനം വേറെ എന്ന് അവകാശപ്പെടാനാവൂ. മനുഷ്യജീവിതത്തിന്റെയും സർവചരാചരങ്ങളുടെയും സമഗ്ര ചലനങ്ങൾക്കും പ്രവർത്തനങ്ങൾക്കും കൃത്യവും വ്യക്തവുമായ മാർഗനിർദേശങ്ങൾ നൽകുന്ന യഥാർഥ മതത്തിന് രാഷ്ട്രീയ പ്രവർത്തനത്തെ വേറിട്ട് കാണാനാവില്ല. മതത്തെയും വിശ്വാസത്തെയും മനുഷ്യജീവിതത്തിൽനിന്ന് വേർപ്പെടുത്തി കാണാൻ ആഹ്വാനം നൽകുന്നവർ മനുഷ്യസമൂഹത്തെ അരാജകത്വത്തിലേക്കാണ് നയിക്കുന്നത്. മനുഷ്യജീവിതത്തിൽ മതത്തിനുള്ള പ്രസക്തിയെന്താണെന്ന് തിരിച്ചറിഞ്ഞ ഡോ. അംബേദ്കറുടെ വാക്കുകൾ ശ്രദ്ധിക്കുക: "മതത്തിന്റെ പിന്തുണയില്ലാതെ നിയമവും ഗവൺമെന്റും സാമൂഹിക നിയന്ത്രണത്തിന് അപര്യാപ്തമായ ഉപകരണങ്ങളായി അവശേഷിക്കും. മതം സാമൂഹിക ഗുരുത്വാകർഷണത്തിന്റെ ഏറ്റവും ശക്തമായ പ്രേരകശക്തിയാണ്. അതുകൊണ്ട് മതമില്ലാത്ത സാമൂഹികക്രമത്തെ അതിന്റെ ഭൂഭ്രമണ പഥത്തിൽ നിയന്ത്രിച്ചു നിർത്താൻ സാധിക്കുകയില്ല" (*അംബേദ്കർ എഴുത്തുകളും പ്രഭാഷണങ്ങളും*, വാള്യം 5, പേജ് 410, 411, 1989 ഗവ. ഓഫ് മഹാരാഷ്ട്ര, വിദ്യാഭ്യാസ വകുപ്പ്). അംബേദ്കർ വീണ്ടും പറയുന്നു: "ജനാധിപത്യത്തിന്റെ തായ്‌വേര് സാഹോദര്യത്തിലാണ്. ജനാധിപത്യത്തിന്റെ ഉത്ഭവം മതത്തിലാണെന്നതിന് യാതൊരു തർക്കവുമില്ല" (ഇതേ കൃതി, വാള്യം 4, 1987, പേജ് 284).

മതത്തെ മനുഷ്യജീവിതത്തിൽ നിന്ന് വേർപെടുത്തികൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനം ആത്മഹത്യാപരമാണെന്ന് കാണാൻ കഴിയും. വിലക്കുകൾക്കും നിയന്ത്രണങ്ങൾക്കും വിധേയരാവാൻ തയാറാവാത്ത അരാജകവാദികളുടെ ജൽപനമായേ മതനിഷേധത്തെ കാണാനാവൂ. നിരീശ്വരവാദവും യുക്തിവാദവും കമ്യൂണിസവുമാണ് 'പുരോഗമനപരം' എന്ന് വാദിക്കുന്നവർക്ക് മാത്രമേ യഥാർഥ മതം അനുശാസിക്കുന്ന ധാർമികതയും സദാചാരവും അനാവശ്യ ഘടകങ്ങളായി കാണാനാവൂ. രാഷ്ട്രീയത്തെയും രാഷ്ട്രീയ പ്രവർത്തനങ്ങളെയും മതത്തിൽനിന്നും മതവിശ്വാസത്തിൽനിന്നും വേറിട്ടു കാണണമെന്ന് വാദിക്കുന്നവരുടെ അജ്ഞതയുടെ ആഴം അളവറ്റതാണ്. ■

Mob: 9446201340
Email: indigenousraju@yahoo.com